I/125272/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ: അഫ്സാന പർവീൺ IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – ഒരു വർഷ സേവന കാലാവധി പൂർത്തിയാക്കിയ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ കരാർ ഒരു വർഷത്തേക്ക് കൂടി പുതുക്കി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം:
1. ഈ കാര്യാലയത്തിലെ 02.09.2023 ലെ ഇതേ നമ്പർ കത്ത്
2. സ ഉ (അച്ചടി) നം.81/2019/ധന തീയതി, 09/07/2019
3. സ.ഉ. (സാധാ) നം. 225/2023/WCDD തീയതി 03.05.2023
4. കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ ശുപാർശ കത്ത്

**ഉത്തരവ് നം. DWCD/3358/2023-PC1 തീയതി: 08-11-2023**

വനിതാ ശിശു വികസന വകുപ്പിന് കീഴിലെ ക്ഷേമ സ്ഥാപനങ്ങളിൽ ജോലി ചെയ്തു വരുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരുടെ കരാർ പുതുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരാമർശം (1) പ്രകാരം നൽകിയിട്ടുള്ളതാണ്. പരാമർശം (2) ലെ ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിലുള്ള നിയമനം ഒരു വർഷത്തേക്ക് മാത്രം പരിമിതപ്പെടുത്താവുന്നതും , വകുപ്പ് മേധാവിക്ക് ബോധ്യപ്പെടുന്ന പക്ഷം ഒരു വർഷത്തേക്ക് കൂടി സേവനം ദീർഘിപ്പിച്ച് നൽകാവുന്നതും, രണ്ട് വർഷം കാലാവധിയ്ക്കുശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ , സർക്കാർ അനുമതിയോടെ മാത്രം കരാർ പുതുക്കാവുന്നതുമാണ്. പരാമർശം (3) ഉത്തരവ് പ്രകാരം വനിതാ ശിശു വികസന വകുപ്പിന് കീഴിലെ ക്ഷേമ സ്ഥാപനങ്ങളിലെ ഒരു വർഷം സേവനം പൂർത്തിയാക്കിയ മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ / സ്റ്റാഫ് നഴ്സിന് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പദ്ധ്യക്ഷന്റെ അനുമതിയോടെ ഒരു ദിവസത്തെ സർവ്വീസ് ബ്രേക്ക് നൽകി ഒരു വർഷത്തേക്ക് കൂടി കരാർ സേവനം തുടരാവുന്നതാണെന്നും പ്രസ്തുത ജീവനക്കാർ 2 വർഷം സേവനം പൂർത്തിയായതിനു ശേഷം ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം സേവനം തുടരുന്നതിന് സർക്കാരിന്റെ അംഗീകാരം ആവശ്യമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം 4 പ്രകാരം കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു വർഷം സേവനം പൂർത്തിയാക്കിയ ചുവടെ പറയുന്ന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ/സ്റ്റാഫ് നഴ്സ് എന്നിവരുടെ കരാർ, വകുപ്പധ്യക്ഷനിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം വിനിയോഗിച്ച്, ടി ജീവനക്കാർ നിലവിലെ കരാർ പൂർത്തിയാക്കിയ തീയതിക്ക് ശേഷം ഒരു ദിവസത്തെ ബ്രേക്ക് നൽകി ഒരു വർഷത്തേക്ക് കൂടി പുതുക്കുന്നതിന് കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ ജില്ല വനിതാ ശിശു വികസന ഓഫീസർമാർക്ക് അനുമതി നൽകി ഉത്തരവാകുന്നു

I/125272/2023

| ക്രമ നം | സ്ഥാപനം | മൾട്ടി ടാസ്ക് കെയർ പ്രൊവൈഡറുടെ പേര് | പൂർത്തിയാക്കിയ സേവന കാലയളവ് , പൂർത്തിയാക്കിയ തീയതി | കരാർ പുതുക്കി നൽകേണ്ട തീയതി |
|---|---|---|---|---|
| 1 | ഗവ. ആഫ്റ്റർ കെയർ ഹോം കൊല്ലം | ശ്രീമതി ധന്യ എസ് | 1 വർഷം, 15.07.2023 | 17.07.2023 |
| 2 | | ശ്രീമതി സുനിത എസ് | 1 വർഷം 15.07.2023 | 17.07.2023 |
| 3 | | ശ്രീമതി ആര്യ ബാബു | 1 വർഷം, 15.07.2023 | 17.07.2023 |
| 4 | ഗവ. മഹിളാ മന്ദിരം കൊല്ലം | ശ്രീമതി രമ്യ . എസ് | 1 വർഷം, 15.07.2023 | 17.07.2023 |
| 5 | ഗവ. ചിൽഡ്രൻസ് ഹോം പത്തനംതിട്ട | ശ്രീ അരുൺ കുമാർ വി.കെ | 1 വർഷം, 31.08.2023 | 02.09.2023 |
| 6 | ഗവ. ചിൽഡ്രൻസ് ഹോം തൃശ്ശൂർ | ശ്രീമതി ശ്രീകല സി.വി | 1 വർഷം, 31.07.2023 | 02.08.2023 |
| 7 | ഗവ. മഹിള മന്ദിരം കണ്ണൂർ | ശ്രീമതി ലിജിന. ഇ (സ്റ്റാഫ് നേഴ്സ് ) | 1വർഷം, 30.06.2023 | 02.07.2023 |

മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർ ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാരുമായി മേൽ പരാമർശിച്ചിട്ടുള്ള തീയതി അനുസരിച്ച് കരാറിൽ ഏർപ്പെടേണ്ടതാണ്.

- കരാർ വീണ്ടും പുതുക്കുന്നതിന് പരാമർശം 2 പ്രകാരമുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

**Signed by Afsana Perween Ias**
**Date: 08-11-2023 16:11:16**

ജില്ല വനിത ശിശു വികസന ഓഫീസർ,

കൊല്ലം, പത്തനംതിട്ട , തൃശ്ശൂർ, കണ്ണൂർ,

പകർപ്പ് :

1. ബന്ധപ്പെട്ട സ്ഥാപന സൂപ്രണ്ടുമാർക്ക്
2. ബന്ധപ്പെട്ട മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാർക്ക്
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

I/125272/2023

സൂപ്രണ്ട്